# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4214.** **12.11.2019- ൽ മറുപടിക്ക്**

## കൈത്തറി തുണികളിലെ വൈവിധ്യവൽക്കരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ടി.ജെ. വിനോദ് :** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) കൈത്തറി തുണികളുടെ വില്പനയിൽ നേട്ടമുണ്ടാക്കുന്നതിന് ഹാൻടെക്സിനും ഹാൻവീവിനും സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) കൈത്തറി തുണികളുടെ വിൽപനയിൽ നേട്ടമുണ്ടാക്കുന്നതിന് ഹാന്റക്സിനും, ഹാൻവീവിനും സാധിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഗുണഫലമായി കൈത്തറി മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഉത്പാദനവും വില്പനയും വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ഉത്സവകാലങ്ങളിൽ റിബേറ്റ് അനുവദിച്ചും എക്സിബിഷനുകൾ സംഘടിപ്പിച്ചും കൈത്തറി തുണികളുടെ വില്പനയും പ്രചാരവും വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.<br>01.04.2019 മുതൽ 31.10.2019 വരെ ഹാന്റക്സിൽ 16,11,19,709/- രൂപയുടെയും, ഹാൻവീവിൽ 19,24,00,094/- രൂപയുടെയും ആകെ വിൽപ്പന നടന്നിട്ടുണ്ട്.<br>2018-19 ഓണക്കാലത്തെ അപേക്ഷിച്ച് 2019-20 ഓണക്കാലത്ത് ഹാന്റക്സിൽ 1.07 കോടി രൂപയുടെയും, ഹാൻവീവിൽ 1.50 കോടി രൂപയുടെയും വില്പന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) ഇക്കഴിഞ്ഞ ഓണം സീസണിൽ എത്ര കോടി രൂപയുടെ വില്പനയാണ് നടന്നത്; | (ബി) ഈ കഴിഞ്ഞ ഓണം സീസണിൽ ഹാന്റക്സിൽ 10,55,98,568/- രൂപയുടെയും, ഹാൻവീവിൽ 5,25,10,000/- രൂപയുടെയും വില്പന നടന്നു. |

(സി) കൈത്തറി തുണികളിൽ വൈവിധ്യവൽക്കരണം കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം ഒരാൾക്ക് സ്വന്തമായോ, പങ്കാളിത്തമായോ, കമ്പനി ആയോ, സ്വയം സഹായസംഘമായോ കൈത്തറി മേഖലയിൽ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനും അതുവഴി നെയ്ത്തുകാർക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും, പുതിയ ഡിസൈനുകൾ,ഉൽപ്പന്നങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും സാധിക്കുന്നു. കൈത്തറി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി വ്യവസായ സംരംഭർക്ക് മാർജിൻ മണി സഹായം, ട്രെയിനിംഗ് & മാർക്കറ്റിംഗ് സഹായം എന്നിവ ലഭ്യമാക്കുന്നതിനും, ടി പദ്ധതി പ്രകാരം സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ധനസഹായമായി നൽകി വരുന്നു. കൂടാതെ ഓർഗാനിക് കോട്ടൺ ഉപയോഗിച്ച് കൈത്തറി തുണികൾ ഉണ്ടാക്കുന്നതിന് 20 പേർക്ക് പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്. ആധുനിക ഡിസൈനുകളിൽ കൈത്തറി തുണി തയ്യാറാക്കുന്നതിന് ഹാൻവീവ്, ഹാൻടെക്സ് സ്ഥാപനങ്ങളിൽ പ്രത്യേകം ഡിസൈനേഴ്സിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഹാൻടെക്സ് ബാലരാമപുരം മുണ്ട്, കുത്താമ്പുള്ളി സാരി, കണ്ണൂർ ഷർട്ടിംഗ് തുടങ്ങിയ കൈത്തറി ഉല്പന്നങ്ങൾ പ്രീമിയം പ്രോഡക്റ്റ് എന്ന നിലയിൽ കൈത്തറി സുരക്ഷ പദ്ധതിയിൻ കീഴിൽ ഉല്പാദനം നടത്തി വില്പന നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ